കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# മാടക്കത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

**ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ**

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ.(പി8) 982/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
PIN :680 020.തീയതി: 04.07.2017

Ph.No. 0487 2331249
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- മാടക്കത്തറ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

**പകർപ്പ് :-**

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ.(പി8) 982/17

തീയതി: 04.07.2017

# തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2016 മുതൽ 31.3.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.6.17 മുതൽ 27.6.17 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

| | |
|---|---|
| ശ്രീമതി .ലത എം എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയൻ വി എസ് | ഓഡിറ്റർ |
| ശ്രീ . ജോയ്സൻ സി.ജെ | ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | പി.എസ് വിനയൻ | 1.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.സി.സുധാകരൻ | 1.04.16 മുതൽ 30.12.16 FN വരെ |
| | ശ്രീ.എം.പി സന്തോഷ് കുമാർ | 30.12.16 മുതൽ 31.3.2017 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | കിമി ബോസ്.കെ | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ഇന്ദു വി കെ | 01.04.16 മുതൽ 2.09.16 വരെ |
| | സ്മിത എം.കെ | 03.9.16 മുതൽ 12.10.16 വരെ |
| | ഇന്ദു വി കെ | 13.10.16മുതൽ 15.12.16 വരെ |
| | സ്മിത എം.കെ | 16.12.2016 മുതൽ 02.02.2017 വരെ |
| | സത്യ വർമ്മ പി.സി | 03.02.2017 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>ഗവ: ആയുർവേദ ഡിസ്പെൻസറി | ഡോ.ഹരീശ്വരൻ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി,മാടക്കത്തറ) | ഡോ. ബിനിത | 01.04.16 മുതൽ 26.07.2016 വരെ |
| | ഡോ.വിനീത കെ.ആർ | 27.07.2016 മുതൽ 17.01.17 വരെ |
| | ഡോ.നവ്യ ഇട്ടെര | 18.01.17 മുതൽ 13.3.17 വരെ |
| | ഡോ.റാഗി പി ജി | 14.03.17 മുതൽ 31.3.17 വരെ |
| വി.ഇ.ഒ | ശ്രീ.ശശിധരൻ.പി.ബി | 01.04.16 മുതൽ 31.03.17 വരെ |
| എെ.സി.ഡി.എസ് സൂപ്പർവൈസർ | സയന | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുനിൽ കുമാർ | 01.04.16 മുതൽ 14.12.16 FN വരെ |
| | ഡോ.രെൻജു ഏലിയാസ് | 14.12.16 AN മുതൽ 31.3.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മഹേഷ് | 08.07.16 മുതൽ 31.01.17 വരെ |

| | | |
|---|---|---|
| | സ്മൃതി വാസുദേവൻ | 01.4.16 മുതൽ 07.07.16 വരെ<br><br>01.02.17 മുതൽ 31.03.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.രാജേശ്വരി.എം. | 01.04.16 മുതൽ 21.12.16 വരെ |
| | ഒഴിവ് | 22.12.2016മുതൽ 05.02.2017വരെ |
| | ശ്രീ.അജിത് പ്രസാദ് റ്റി.എൽ | 06.02.2017 മുതൽ 31.3.2017വരെ |
| ഹോമിയോ ഡിസ്പെൻസറി (മാടക്കത്തറ) | എം എെ ജോസ് | 01.04.16 മുതൽ 31.12.2016 വരെ |
| | ഒഴിവ് | 01.01.2017 മുതൽ 27.01.2017 |
| | അബ്രഹാം വൈദ്യർ | 28.01.2017 മുതൽ 31.03.2017 വരെ |

**<u>ഉള്ളടക്കം</u>**

**<u>ഭാഗം 1</u>**

**<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.</u>**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | ആഭ്യന്തരനിയന്ത്രണം | 1(11) |

**ഭാഗം-II**

**1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ** പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തനതു ഫണ്ട് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു. | 2(1) |
| 2 | ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 2(2) |
| 3 | സ്ഥാപന നികുതി ഇൗടാക്കിയതിലെ അപാകതകൾ | 2(3) |
| 4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നാളിതു വരെയും ഇൗടാക്കിയിട്ടില്ല. | 2(4) |
| 5 | കോൺട്രാക്ററർമാരിൽ നിന്നും തൊഴിൽ നികുതി ഇൗടാക്കിയിട്ടില്ല | 2(5) |
| 6 | നഴ്സറികളിൽ നിന്നും നികുതികൾ ഇൗടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2(6) |

**ഭാഗം-III**

**1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള**
**ഓഡിറ്റ് പരാമർശങ്ങൾ**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആദായനികുതി ഈടാക്കിയില്ല. | 3(1) |
| 2 | ലോഗ് ബുക്കിന്റെ പരിപാലനത്തിലെ അപാകതകൾ | 3(2) |
| 3 | പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിലേക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3(3) |
| 4 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ | 3(4) |
| 5 | വി.ഇ.ഒ. നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3(5) |
| 6 | ഹോമിയോ ആശുപത്രിക്ക മരുന്ന് - മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. | 3(6) |
| 7 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 322300 രൂപ തടസ്സപ്പെടുത്തുന്നു. | 3(7) |

| | | |
|---|---|---|
| 8 | പട്ടികജാതി പെൺകുട്ടികൾക്ക് ധനസഹായം | 3(8) |
| 9 | ബാങ്ക് / ട്രഷറി വഴി നിർവഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിന് കൈപ്പറ്റ് രസീതി ഹാജരാക്കുന്നില്ല. | 3(9) |
| 10 | ഇടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ് . | 3(10) |
| 11 | മരാമത്ത് പ്രവൃത്തികൾ അവലോകനം | 3-11 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |
| 11 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4(11) |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./ തിയ്യതി | 2016-17 ലെ ബജറ്റ് ( പുതുക്കിയത് ) |
|---|---|
| 03.03.2016 ലെ തീരുമാനം .1 | 20.03.2017 ലെ തീരുമാനം .21 |
| ആകെ വരവ് | 13,58,33,968/- |
| ആകെ ചെലവ് | 12,41,57,846/- |

ബജറ്റ് പ്രകാരം ആകെ വരവ് 135833968/-രൂപയും, ആകെ ചെലവ് 124157846/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 14.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക കണക്ക് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

01) 31-3-2017 വരെ സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

02) നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 10590549 |
| വരവ് | 50235882 |
| ആകെ | 60826431 |
| ചെലവ് | 46205963 |
| നീക്കിബാക്കി | 14620468 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻഫർ ക്രെഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 10580039 | 10580039 | 10580039 | | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4025692 | 4025692 | 4025692 | | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 5604 | 5604 | 5604 | | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 785371 | 785371 | 785371 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2860048 | 2860048 | 2860048 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4272054 | 4272054 | 4272054 | | 0 |
| ലോക ബാങ്ക് സഹായം | 0 | 915396 | 915396 | 915396 | | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 120 | 79 | 40 | 1 | 65.83 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കായത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് (%) |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 25 | 9090977 | 7187284 | 79.06 |
| അസി.സെക്രട്ടറി | 11 | 11 | 4707426 | 3891852 | 82.67 |
| അസി.എഞ്ചിനീയർ | 50 | 51 | 21694485 | 7358479 | 33.92 |
| വി.ഇ.ഒ | 3 | 3 | 1910000 | 1600000 | 83.77 |
| കൃഷി ഓഫീസർ | 9 | 8 | 2418853 | 2106938 | 87.10 |

| | | | | | |
|---|---|---|---|---|---|
| മെഡി.ഓഫീസർ (പി.എച്ച്.സി) | 3 | 3 | 1992000 | 1253010 | 62.90 |
| മെഡി.ഓഫീസർ ആയുർവ്വേദം | 3 | 3 | 525000 | 524522 | 99.91 |
| മെഡി.ഓഫീസർ (വെറ്റിനറി) | 4 | 4 | 1025000 | 325000 | 31.71 |
| ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്. | 0 | 0 | 0 | 0 | 0 |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 4236100 | 3891429 | 91.86 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 525000 | 525000 | 100 |
| മെഡി.ഓഫീസർ(ഹോമിയോ) | 2 | 2 | 110000 | 110000 | 100 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5885463 | 8622306 | 2736843 | 46.5 |
| നികുതിയേതര വരവുകൾ | 676561 | 938561 | 57742 | 8.53 |
| ആകെ | 6562024 | 9560867 | 2794585 | 42.59 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 17 | 16 | 1 |
| 2 | തൊഴിൽ രഹിത വേതനം | 8 | 8 | 1 |
| 3 | വിധവാ പെൻഷൻ | 118 | 118 | 8 |
| 4 | വികലാംഗ പെൻഷൻ | 43 | 43 | 4 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 23 | 23 | 4 |
| 6 | വാർദ്ധക്യകാല പെൻഷൻ | 615 | 589 | 54 |

### 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 23.6.17-ാം തിയ്യതിയിൽ നടത്തി. 27,811/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി (₹) | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13.06.2017 | 03/2017 | ലഭിച്ചിട്ടില്ല. | |
| 2 | അക്കൗണ്ടൻറ് ജനറലിൻറെ ഓഡിറ്റ് | 20.03.2014 മുതൽ 16.04.2014 | 2008-09 മുതൽ 2012-13 | 21.06.2014 | |

### 1-11 ആഭ്യന്തരനിയന്ത്രണം

1. ജി.ഒ.(പി) 177/06ധനം 12.4.06ലെ ഖണ്ഡിക 18(3) അനുസരിച്ച് നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. എന്നാൽ പഞ്ചായത്തിലെ വി.ഇ.ഒ, മെഡിക്കൽ ഓഫീസർ (ഹോമിയോ), ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ 7 എ ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.
2. കൃഷി ഓഫീസർ എല്ലാ വരവ് ചെലവ് കണക്കുകളും ക്യാഷ്ബുക്കിൽ ചേർക്കുന്നില്ല.

3. ഗ്രാമസഭ , വർക്കിംഗ് ഗ്രൂപ്പ് എന്നിവ നല്ല രീതിയിൽ നിർവഹണം നടത്തുന്നുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു

സർക്കുലർ നമ്പർ. 58725/ എഫ്.എം3 2008/ ത.സ്വ. ഭ.വ /26.5.11, അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ മാടക്കത്തറ പഞ്ചായത്തിന്റെ തനത് ഫണ്ട് സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, വിൽവട്ടം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയിൽ നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായി വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ 12(3)(D) പ്രകാരം 5 എച്ച്.പിയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം വാങ്ങി അപേക്ഷയോടൊപ്പം വെയ്ക്കണമെന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പൊല്യൂഷൻ

കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 7 നൽകിയെങ്കിലും മറുപടി വസ്തുതാപരമല്ല.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ബി.എസ്.എൻ.എൽ,മാടക്കത്തറ |
| 2 | പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, മാടക്കത്തറ |
| 3 | ട്രാൻസ്മിഷൻ സർക്കിൾ, മണ്ണുത്തി |
| 4 | സിസ്റ്റം ഓപ്പറേഷൻ സർക്കിൾ, കെ.എസ്.ഇ.ബി, മാടക്കത്തറ |

ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് ഓഡിററ് എൻക്വയറി 6 തിയ്യതി 24.6.2017 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 കോൺട്രാക്ററർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ 11 കോൺട്രാക്ററർമാർ ടെണ്ടർ നടപടികളിൽ പങ്കെടുത്തിട്ടുണ്ട്.എന്നാൽ 3 കോൺട്രാക്ററർമാരിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

ഓഡിററ് എൻക്വയറി 8 (തിയ്യതി 24.6.2017) നൽകി, കോൺട്രാക്ററർമാർ തൃശ്ശൂർ കോർപ്പറേഷനിൽ അടച്ചുവെന്ന് മറുപടി നൽകിയിരുന്നു. എന്നാൽ തൃശ്ശൂർ കോർപ്പറേഷനിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രശീതിന്റെ പകർപ്പുകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 2-6 നഴ്സറികളിൽ നിന്നും നികുതികൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ നാളുകളായി പ്രവർത്തിച്ചു വരുന്ന നിരവധി നഴ്സറികളിൽ നിന്നും തൊഴിൽ നികുതിയോ, സ്ഥാപനതൊഴിൽ നികുതിയോ ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്ത് നികുതികൾ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.ഇത്, തനതു വരുമാനം തീരെ കുറവായ മാടക്കത്തറ ഗ്രാമ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗമായി ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആദായനികുതി ഈടാക്കിയില്ല.

പൗരാവകാശ രേഖ അച്ചടിച്ച വകയിൽ സമദർശി പ്രിന്റേഴ്സ്, കൈനൂർ എന്ന സ്ഥാപനത്തിന് വൗച്ചർ നം. 21600448, തീയതി 06.09.16 പ്രകാരം 43,760 രൂപയും, പദ്ധതിരേഖ, കരട്, അന്തിമം എന്നിവ അച്ചടിച്ച വകയിൽ വൗച്ചർ നം. 21600387 തീയതി 29.08.16 പ്രകാരം 24,900 രൂപയും നൽകിയിട്ടുണ്ട്. മൊത്തം 68,660 രൂപയുടെ ആദായനികുതി ഈടാക്കിയിട്ടില്ല. ആദായ നികുതി നിയമം സെക്ഷൻ 194(C) പ്രകാരമാണ് 30000/-രൂപയ്ക്കു മുതലുള്ള ഓരോ കോൺട്രാക്റ്റിനും/വർഷത്തിന് കോൺട്രാക്ടറിൽ നിന്നും 1% നിരക്കിൽ (പാൻ ഇല്ലെങ്കിൽ 20%) ആദായ നികുതി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ കരാറുകാരനിൽ നിന്നും 687/-രൂപ ഈടാക്കേണ്ടതാണ്. ആദായനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ലോഗ് ബുക്കിന്റെ പരിപാലനത്തിലെ അപാകതകൾ

ലോഗ് ബുക്കിൽ മാസം തോറുമുള്ള സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരം ലോഗ് ബുക്കിൽ

രേഖപ്പെടുത്തുന്നില്ല. 25.08.16ന് മീറ്റർ റീഡിംഗ് 94048ൽ നിൽക്കെ തകരാറ് സംഭവിച്ച് മീറ്റർ പ്രവർത്തിക്കാതായിരുന്നു. 07.10.16ന് മാത്രമാണ് മീറ്റർ ശരിയാക്കിയത്. എന്നാൽ ലോഗ് ബുക്കിൽ ഏകദേശ കണക്ക് രേഖപ്പെടുത്തിയതനുസരിച്ച് ഇതിനിടെ 2,281 കിലോമീറ്റർ വാഹനം ഓടിയിരുന്നു. സ്പെയർ പാർട്സ് ലഭ്യമായില്ല എന്നാണ് ഇതിനെ സംബന്ധിച്ച അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചത്. ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, ആയത് സാക്ഷ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-3 പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിലേക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

| | | |
|---|---|---|
| പ്രൊജക്ട് നം. | – | S0108/17 |
| പദ്ധതി | – | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| . | | മാടക്കത്തറ. |
| ട്രഷറി ബിൽ നം. | – | 04/16-17, തീയതി – 14.03.17, |
| . | | തുക 2,25,000/- |
| . | | 05/16-17, തീയതി – 31.03.17, |
| . | | തുക – 39,489/- |

പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിലേക്കുള്ള മരുന്നിനായി, ബിൽ നം. 04/16-17 തിയ്യതി .14.03.17 പ്രകാരം 2,25,000/- രൂപയും, ബിൽ നം. 05/16-17 തിയ്യതി 31.03.17 പ്രകാരം 39,489/- രൂപയും KMSCL ന് ഓൺലൈൻ വഴി കൈമാറിയിരുന്നു. എന്നാൽ 72,964 രൂപയുടെ മരുന്ന് മാത്രമാണ് കാരുണ്യ ഫാർമസി വഴി ലഭ്യമായിട്ടുള്ളത്. ബാക്കി മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്നവയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | ട്രഷറി ബിൽ നമ്പർ / തുക | നൽകിയത് | അപാകത |
|---|---|---|---|
| 105/17<br>വിവിധ വാർഡുകളിൽ തെരുവ് വിളക്ക സ്ഥാപിക്കൽ | 14/16-17/4.3.17<br>₹.500000 | കെ.എസ് . ഇ.ബി.മണ്ണുത്തി | വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കി യിട്ടില്ല |
| സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1)15/16-17/4.3.17/43210<br>2)21/16-17/28.3.17/1241374<br>3)22/16-17/28.3.17/392825 | കെ.എസ് . ഇ.ബി.മണ്ണുത്തി,<br>കെ.എസ്.ഇ.ബി.രാമവർമ്മപുരം | വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കി യിട്ടില്ല |

| | | | |
|---|---|---|---|
| ആകെ | ₹.2177409 | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 2177409/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വി.ഇ.ഒ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ

പ്രോജക്ട് നമ്പർ – S0013/17

**ചെലവ് വിവരം**

(എ)വികസന ഫണ്ട്

| ട്രഷറി ബിൽ നമ്പർ/തിയതി | തുക |
|---|---|
| 2/16-17/28.2.16 | 340000 |
| 4/16-17/16.1.17 | 70000 |
| 5/16-17/16.2.17 | 80000 |
| 7/16-17/10.3.17 | 160000 |
| 10/16-17/10.3.17 | 200000 |
| 11/16-17/20.3.17 | 54000 |

(ബി)തനതു ഫണ്ട്

| ചെക്ക് നം./തിയ്യതി | തുക |
|---|---|
| 1174834/10.03.17 | 116000 |
| 1174839/21.03.17 | 90000 |
| 1174844/25.03.17 | 50000 |
| 1174848/29.03.17 | 10000 |

പുതിയ മേൽക്കൂര നിർമ്മിക്കുന്നതിനായി 64പേർക്ക് 20000രൂപ വീതം നൽകുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് പരിശോധിച്ചതിൽ നിന്നും താഴെ പ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല.

| പേര് | തുക |
|---|---|
| അശോകൻ, കൈന്തോടൻ പറമ്പിൽ | 20000 |

| | |
|---|---|
| തങ്കമ്മ, മറ്റത്തിൽ | 20000 |
| പൗലോസ് അലശക്കോടൻ | 10000 |
| ബെന്നി, കീറ്റിക്കൽ | 10000 |
| ഷാജി മുഹമ്മദ് | 10000 |
| വള്ളി വിജയൻ, ആലക്കപ്പറമ്പിൽ | 10000 |
| ആകെ | 80000 |

കൈപ്പറ്റു രസീതി ഹാജരാക്കുന്നതു വരെ 80000/- രൂപ തടസ്സപ്പെടുത്തുന്നു.

**2.)ഭവനനിർമ്മാണം**

പ്രോജക്ട് നമ്പർ – S00138/17

തനതുഫണ്ട്- ചെക്ക് നമ്പർ – 1786526/17.3.17,3080191/21.4.17

1ലക്ഷം രൂപ വീതം 15 പേർക്ക് ഭവനനിർമ്മാണത്തിനായി നൽകുന്നതാണ് മേൽ പ്രോജക്ട്. താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

**വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.**

| ഗുണഭോക്താവിന്റെ പേര് | തുക |
|---|---|
| ജിനി സണ്ണി, പാഴായിൽ, കുറിച്ചിക്കര | 20000/- |
| ജോർജ്ജ്, നെല്ലിക്കുട്ടത്തിൽ | 20000/- |

മേൽപ്പറഞ്ഞ വ്യക്തികൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-6 ഹോമിയോ ആശുപത്രിക്ക് മരുന്ന് - മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ -S00 1/17

ട്രഷറി ബിൽ നമ്പർ -1/16-17/11.11.16

തുക -100000

ചെക്ക് നമ്പർ -952113/11.11.16

മേൽ പ്രോജക്ട് പ്രകാരം കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനായി 1ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെയായി 62005/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 37995/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് അവ വിതരണം ചെയ്യേണ്ടതുമാണ്. അതു വരെ

37995/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-7 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 322300 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ-S0010/17

തുക – ₹.590000 -വികസനഫണ്ട് (ട്രഷറി ബിൽ നമ്പർ-10/16-17/31.3.17

തുക – ₹.183700 -തനതുഫണ്ട്. (ചെക്ക് നമ്പർ-0727082/27.3.17)

നിർവഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് .സൂപ്പർവൈസർ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം തുക നൽകിയ താഴെ പ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | തുക |
|---|---|---|
| 1 | സൂരജ്.എം.എസ്,മച്ചാട് | 10400 |
| 2 | ജിജോ.വി, മണ്ഡപത്തിൽ | 10400 |
| 3 | ആശാജോബി | 12000 |
| 4 | കൃഷ്ണ ഗിരിജൻ | 16000 |
| 5 | ഗിനീഷ് പുതുവത്തിൽ | 13500 |
| 6 | ജെറീഷ് ഡാനിയേൽ | 16000 |
| 7 | സാബു.ടി.ജെ | 16000 |
| 8 | ശ്രുതി അനിൽ കുമാർ | 16000 |
| 9 | അനീഷ് പുത്തൻപുരയ്ക്കൽ | 16000 |
| 10 | ലിഡാ.സി.സജു | 16000 |
| 11 | ജിൻസി ലാസർ | 12000 |
| 12 | നിഷാ ശിവരാമൻ, ചേറ്റക്കുളം | 12000 |
| 13 | സൗമ്യ.കെ.എസ് | 12000 |
| 14 | അലോന ഫ്രാൻസിസ് | 12000 |
| 15 | പടന്നമയക്കൽ മത്തായി അബ്രഹാം | 12000 |
| 16 | വിഷ്ണു.കെ.എസ് | 12000 |
| 17 | ലക്ഷ്മി. കെ.എൻ, വിഷ്ണു.സി | 12000 |
| 18 | ഇന്ദിര, ചേറ്റക്കുളം | 12000 |
| 19 | ആര്യ ചെങ്ങനാംപറമ്പൻ | 12000 |

| | | |
|---|---|---|
| 20 | പാർവ്വതി | 12000 |
| 21 | അമൃത സത്യനേഷ് | 12000 |
| 22 | വൈഷ്ണവ്.കെ.ആർ | 12000 |
| 23 | വഫ.കെ.എസ് | 12000 |
| 24 | അക്ഷയ് കുമാർ. | 12000 |
| 25 | കുമാരി.കെ.എസ് | 12000 |
| | ആകെ | 322300 |

കൈപ്പറ്റ രസീതി ഹാജരാക്കുന്നതുവരെ 322300/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടികജാതി പെൺകുട്ടികൾക്ക് ധനസഹായം

പ്രോജക്ട് നമ്പർ - S0011/17

ബിൽ നമ്പർ -8/16-17/20.3.17-₹. 150000/-

മേൽ പ്രോജക്ട് പ്രകാരം വിവാഹധനസഹായം 50000/-രൂപ നൽകിയ ബിജു , കുന്നിലത്ത് ,മാടക്കത്തറ എന്നവരുടെ മകളുടെ വിവാഹസർട്ടിഫിക്കറ്റ് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50000/-രൂപയുടെ ചെലവ് വിവാഹസർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ തടസ്സത്തിൽ വക്കുന്നു.

## 3-9 ബാങ്ക് / ട്രഷറി വഴി നിർവഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിന് കൈപ്പറ്റരസീതി ഹാജരാക്കുന്നില്ല

ബാങ്ക്/ട്രഷറി വഴി നിർവഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിന് കൈപ്പറ്റരസീതി ഹാജരാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | പദ്ധതി | അപാകത |
|---|---|---|
| കൃഷി ഓഫീസർ | പ്രൊജക്ടിന്റെ പേര് – തെങ്ങുകൃഷി വികസനം<br>പ്രോജക്ട് നമ്പർ – S0008/17<br><br>തുക – 293558/<br>ബിൽ നമ്പർ. 2/16-17/6-3-17<br>മേൽ പദ്ധതി പ്രകാരം വളം വിതരണത്തിനായി വിൽവട്ടം SCB, അമ്പലപ്പാട് കോ-ഓപ്പറേറ്റീവ് ബാങ്ക്, വെള്ളാനിക്കര കോ-ഓപ്പറേറ്റീവ് ബാങ്ക്, വെള്ളാനിക്കര SCB എന്നിവയ്ക്ക് സബ്സിഡി തുക നല്കിയത് | കൈപ്പറ്റ രസീതി ഇല്ല |

മേൽ അപാകത പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്

ജി.ഒ.(പി) നമ്പർ 524/2015 ധനം തിയ്യതി 17.11.2015 പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവും അതിനു മുകളിലും വരുന്ന എല്ലാ മരാമത്തു പ്രവൃത്തികളും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇതുപ്രകാരം ടെണ്ടർ ഫീ ഓൺലൈൻ പേമെന്റ് വഴി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്കാണ് അടവാക്കുന്നത്. ഓഡിറ്റ് വർഷത്തിൽ 5 ലക്ഷത്തിനു മേൽ അടങ്കൽ വരുന്ന വളരെ കുറച്ച് പദ്ധതികൾ മാത്രമേ

ഉണ്ടായിരുന്നുള്ളു.ടെണ്ടർ വിളിച്ചിട്ടും ടെണ്ടറുകളൊന്നും ലഭിച്ചില്ല. റീ ടെണ്ടർ നടത്തിയിട്ടും Single ടെണ്ടറാണ് ലഭിച്ചത്. ടെണ്ടർ ഫീയിനത്തിൽ 2016-17 വർഷത്തിൽ 7455/- രൂപയാണ് പഞ്ചായത്തിനു ലഭിക്കുവാനുള്ളത്.ടി തുക പഞ്ചായത്തിനു ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദ വിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫീ |
|---|---|---|---|
| 1 | അംഗൻവാടികളുടെ പുനരുദ്ധാരണം | 700000 | 1575 |
| 2 | ചെക്കുഡാമുകളുടെ സംരക്ഷണം | 700000 | 1470 |
| 3 | പനഞ്ചകം പട്ടികജാതി കോളനി റോഡ് | 850000 | 1785 |
| 4 | കരുവാങ്കാട് പി.എച്ച്.സി മെയിന്റനൻസ് | 771607 | 2625 |
| | **ആകെ** | | **7455** |

## 3-11 മരാമത്തു പ്രവൃത്തികൾ-അവലോകനം

2016-17 വർഷത്തിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 50 പ്രൊജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്.ഇതിൽ 26പ്രൊജക്റ്റുകളാണ് നടപ്പാക്കിയത്. മരാമത്ത് പദ്ധതികൾക്കായി 21694485 രൂപയാണ് വകയിരുത്തിയത്. തൻവർഷം ചെലവഴിച്ചത് 7358479 രൂപയാണ്. 14336006 രൂപ ചെലവഴിക്കാത്ത തുക ലാപ്സാക്കി. മൊത്തം അടങ്കലിന്റെ 33.92% മാത്രമാണ് ചെലവഴിക്കാനായത്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | സർക്കാരി ലേയ്ക്ക് തിരിച്ചടച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് | 200000 | 108/17 പെയിൻ ആൻറ് പാലിയേറ്റീവ് കെയർ | 199605 | 395 | 0 |
| | 175000 | 97/17 ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 175000 | 0 | 0 |
| | 200000 | 10/17 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 183700 | 16300 | 0 |
| | 1000000 | 154/17 എസ്.സി കാർക്ക് സ്ഥലം വാങ്ങൽ | 1000000 | 0 | 0 |
| തൃശ്ശൂർ ജില്ലാപഞ്ചായത്ത് | 150000 | 10/17 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 150000 | 0 |
| ആകെ | 1725000 | | 1558305 | 166695 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം (KSEB, KWA, GWD എന്നിവയിലെ വിവരം പ്രത്യേകം ഉൾപ്പെടുത്തുന്നു)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത് 318574 | | | | | | |
| K.S.E.B, മണ്ണുത്തി | സ്ട്രീറ്റ്മെയിൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കൽ (വാർഡ് നം.5 മുതൽ 14 വരെ) | 21601081/ 4.3.17 21601082/ 4.3.17 21601234/ 28.3.17 21601235/ 28.3.17 | 1153155 | 1153155 | ഇല്ല | 1153155 |
| K.S.E.B, പൂന്നംപറമ്പ് | സ്ട്രീറ്റ്മെയിൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കൽ (വാർഡ് നം. 2,3,4,6) | 21601234/ 28.3.17 | 265049 | 265049 | ഇല്ല | 265049 |
| K.S.E.B, രാമവർമ്മപുരം | സ്ട്രീറ്റ്മെയിൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കൽ (വാർഡ് നം.1,2,6, 14,15,16) | 21601234/ 28.3.17 | 759205 | 759205 | ഇല്ല | 759205 |
| | | | **2177409** | **2177409** | | **2492983** |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| | | | ഒന്നുമില്ല | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | E.M.S.ഭവന പദ്ധതി | 800/2010 ത.സ്വ.ഭ.വ തിയതി 09.03.10 | 6696560 | 683560 | 683560 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1537100 |
| തൻവർഷം നിക്ഷേപിച്ച തുക | 148370 |
| ആകെ | 1685470 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1685470 |

(2016-17) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| FDR NO. 31984646 അമ്പലപ്പാട്ട് സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റി | 561999 | |
| Equity Share | 5000 | |
| FDR 91-/179D തൃശ്ശൂർ ജില്ലാ കോപ്പറേറ്റീവ് ബാങ്ക് | 1118471 | |
| ആകെ | 1685470 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം **6510/-** രൂപ ഈടാക്കിയിട്ടുണ്ട്

| ഓഡിറ്റ് പാര | ഇനം | സ്ഥാപനത്തിന്റെ പേര് | തുക | രശീതി നം. |
|---|---|---|---|---|
| 2-2 , 2015-16 | തൊഴിൽ നികുതി | Prof & Head Dept. of Agrimicrobiology | 450 | 11602105221 dtd 15.03.2017 |
| 2-2 , 2015-16 | തൊഴിൽ നികുതി | Financial Assistant, Director of physical plant | 900 | 11602105917 dtd 31.03.2017 |
| 2-2 , 2015-16 | തൊഴിൽ നികുതി | Proprietor, Polo Plastics | 3480 | 11602104861 dtd 1.03.2017 |

| | | | | |
|---|---|---|---|---|
| | | | | |
| 2-2 , 2015-16 | തൊഴിൽ നികുതി | JMK wood Industries | 1680 | 11602104810,11 dtd 28.02.2017 |
| ആകെ | | | **6510** | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 55 | 2004-05 | 214(3.8.1.82) | സമാഹരണ മുൻകൂർ തിരിച്ചു പിടിച്ചില്ല | R.R.നോട്ടീസ് നൽകി |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

| ക്രമ നമ്പർ | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മറ്റി രൂപീകരിച്ച വർഷം | വാർഷിക കണക്ക് ഓഡിറ്റിനു സമർപ്പി ച്ചതിന്റെ വിവരം | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വർഷം | ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | പി.എച്ച്.സി മാടക്കത്തറ | 2002/ 27.12.02 | 2014-15 എ.ജി ഓഡിറ്റ് | 2014-15 | - | ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്യുന്നില്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50235882/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46205963/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2667704/- |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2177409 | എം.പി.സന്തോഷ് കുമാർ,സെക്രട്ടറി |
| 3-5 | 80000 | ശശിധരൻ,പി.ബി.വി.ഇ.ഒ |
| 3-6 | 37995 | എം.എെ.ജോസ്,മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 3-7 | 322300 | സയന,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-8 | 50000 | സയന,സൂപ്പർവൈസർ |

**സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽ.എഫ്.ടി.എസ്2-1639/11/28.10.11/06.12.11 |
| 1977-78 | |

| | |
|---|---|
| 1983-84 | |
| 1984-85 | |
| 1985-86 | |
| 86-87&87-88 | |
| 88-89&89-90 | |
| 1991-92 | |
| 1993-94 | |
| 1994-95&95-96 | |
| 97-98,99-00<br>2000-01, വരവ് | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2000-01 ജനകീയാസൂത്രണം | എൽ.എഫ്.ടി11-1342/04/07.08.14/13.09.14 |
| 2001-02,2002-03, 2003-04 | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2004-05 | എൽ.എഫ്.ടി11-2275/08/26.07.10 |
| 2005-06 | എൽ.എഫ്.ടി11-2276/08/26.07.10 |
| 2006-07 | എൽ.എഫ്.ടി11-592/09/16.01.12/09.02.12 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി.പി4/1357/12/15.12.12/13.05.13 |
| 2011-12 | എൽ.എഫ്.ടി.പി4/341/2013/8.07.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി8/2136/13/5.05.14/3.7.14 |
| 2013-14 | എൽ.എഫ്.ടി.പി8- 14/2015/ 02.06.15/25.07.15 |
| 2014-15 | കെ .എസ് .എ -ടി .എസ് .ആർ-പി 8 -1194/16,<br>20.7 2016 |
| 2015-16 | കെ .എസ് .എ -ടി .എസ് .ആർ-പി 8 -1194/16, 29.7.16 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**തൃശ്ശൂർ.**

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)982/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി 04.07.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **മാടക്കത്തറ** ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മാടക്കത്തറ** ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

No.KSA-TSR(P8)982/17

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020
Dated : 04.07.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Madakkathara** Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994,

the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Madakkathara Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office,
Thrissur.